ഗുരുവായൂരിൽ പ്രത്യേക ക്ലിനിക്ക്

103(2571) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിന്റെ പ്രത്യേകത കണക്കിലെടുത്ത് പ്രത്യേക ക്ലിനിക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഓരോ വർഷവും മുന്നു കോടി ജനങ്ങൾ എത്തുന്ന ഈ നഗരത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ക്ലിനിക്ക് തുടങ്ങുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ ഗുരുവായൂരിന് 4 കിലോമീറ്റർ ചുറ്റളവിലായി 140 കിടക്കകളോടുകൂടിയ ചാവക്കാട് താലൂക്കാശുപത്രിയും 48 കിടക്കകളോടുകൂടിയ വടക്കേക്കാട് സാമൂഹികാരോഗ്യകേന്ദ്രവും പ്രതിദിനം ശരാശരി 150 ഒ.പി.-യുള്ള പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒന്നര കിലോമീറ്റർ ചുറ്റളവിനകത്ത് ഗുരുവായൂർ നഗരസഭയുടെ മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

104(2572) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം നാളിതുവരെ എത്ര പേർ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്; ആയതിൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് കരസ്ഥമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, നാളിതുവരെ ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പനശാലകൾ, മറ്റ് സർക്കാർ/സഹകരണ ഭക്ഷ്യോൽപ്പന്ന വിപണന ശാഖകൾ വഴി ഭക്ഷ്യ വിഷബാധയേറ്റ് എത്ര പേർ മരണപ്പെട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; എത്രപേർ രോഗബാധിതരായി; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly